(സി) 24-5-2012 മുതൽ 13-7-2013 വരെ പ്രസ്തുത ആംബുലൻസ് സർവ്വീസ് നടത്തി. ആംബുലൻസ് ഡ്രൈവറുടെ അഭാവവും ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞതു കൊണ്ടുമാണ് സർവ്വീസ് നിർത്തിവയ്ക്കാൻ ഇടയായത്.

(ഡി) 24-6-2015-ലെ എച്ച്.എം.സി. തീരുമാനപ്രകാരം ഇൻഷ്വറൻസ് പുതുക്കുന്നതിനും ആംബുലൻസ് ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ പ്രവർത്തനങ്ങൾ

88 (3520) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ നിലവിലുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ വിഭാവനംചെയ്ത പദ്ധതികളിൽ പലതും ഇപ്പോഴും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിനു കീഴിലാണ് സ്പോർട്സ് മെഡിസിൻ യൂണിറ്റ് പ്രവർത്തിക്കുന്നത്. പ്രസ്തുത യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്ന വയാണ്.

1. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സ്പോർട്സ് മെഡിസിൻ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നു.

(i) കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ളവർ പ്രസ്തുത ഒ.പി. പ്രയോജനപ്പെടുത്തുന്നുണ്ട്.

(ii) സായ് ട്രെയിനിംഗ് സെന്റർ (SAI) കോഴിക്കോട്, കേരള സ്പോർട്സ് കൗൺസിൽ, ഫാറൂഖ് കോളേജ്, കോഴിക്കോട്, എസ്.എൻ. കോളേജ്, ചേലന്നൂർ, ഗവൺമെന്റ് ആർട്സ് കോളേജ്, മീഞ്ചന്ത, പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, യൂണിവേഴ്സിറ്റി ക്യാമ്പസ്, ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഈസ്റ്റ് ഹിൽ, കോഴിക്കോട്, മെഡിക്കൽ കോളേജിൽ തന്നെയുള്ള വിവിധ സ്പോർട്സ് ടീമുകൾ എന്നിവയ്ക്ക് പ്രസ്തുത ഒ.പി.യുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഭിന്നശേഷിയുള്ള അത്‌ലറ്റുകളും ആർമി പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും പ്രസ്തുത ഒ.പി. പ്രയോജനപ്പെടുത്തുന്നുണ്ട്.

2. കേരള ഫുട്ബോൾ ടെയിനിംഗ് ക്യാമ്പ്, കോഴിക്കോട് ലോക്കൽ സ്കൂൾ ടീമുകൾ, കോഴിക്കോട് മെഡിക്കൽ കോളേജ് ടേബിൾ ടെന്നീസ് ടീം എന്നിവയ്ക്ക് ഫിസിക്കൽ ഫിറ്റ്നെസ്സ് ഇവാല്യൂവേഷൻ നടത്തി നൽകുന്നു.

3. അക്കാഡമിക്

(i) ജൂലൈ 2013 മുതൽ എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കശേഷം ടോപ്പിക് പ്രസന്റേഷൻ

(ii) ആഗസ്റ്റ് 2014 മുതൽ എല്ലാ ആഴ്ചയിലും സ്പോർട്സ് മെഡിസിൻ വിഭാഗം ഫിസിഷ്യൻ നയിക്കുന്ന ക്ലാസ്സുകൾ

(iii) ആഗസ്റ്റ് 2014 മുതൽ എല്ലാ ആഴ്ചയിലും പി.എം.ആർ. വിഭാഗത്തിലെ ജൂനിയർ റസിഡൻസിനായി തിയറി പരീക്ഷകൾ നടത്തിവരുന്നു.

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പി.എം.ആർ. വിഭാഗത്തിലെ ലഭ്യമായ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സേവനം പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത സ്പോർട്സ് മെഡിസിൻ യൂണിറ്റ് പ്രവർത്തിക്കുന്നത്. സ്പോർട്സ് മെഡിസിൻ യൂണിറ്റ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും യഥാസമയം സ്വീകരിക്കുന്നുണ്ട്.

മരുന്നുകളുടെ ഗുണനിലവാരം

89 (3521) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഗുണനിലവാരമില്ലാത്ത ഇൻസുലിൻ പ്രതിരോധ കുത്തിവയ്പ് മരുന്നുകൾ എന്നിവ സംസ്ഥാനത്ത് വ്യാപകമായ തോതിൽ വിപണനം നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly